**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3514** **26-06-2024 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | പിറവം മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്മാരകങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പിറവം മണ്ഡലത്തിലെ വകുപ്പിനു കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പാഴൂർ പെരുംതൃക്കോവിൽ ശിവ ക്ഷേത്രം - പിറവം വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.<br><br>2. ഊരമന നരസിംഹമൂർത്തി ക്ഷേത്രം - മേന്മുറി വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.<br><br>3. തിരുമാറാടി ശ്രീ മഹാദേവ ക്ഷേത്രം - തിരുമാറാടി വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.<br><br>4. തിരുമാറായിക്കുളം മഹാദേവക്ഷേത്രം - എടക്കാട് വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല.<br><br>5. കൈപ്പത്തൂർ നരസിംഹമൂർത്തി ക്ഷേത്രം - കൈപ്പത്തൂർ വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല.<br><br>6. ഊരമന ശ്രീ ധർമ്മശാസ്താക്ഷേത്രം - മേന്മുറി വില്ലേജ്, മുവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല.<br><br>7. ഹിൽപ്പാലസ്, തൃപ്പൂണിത്തുറ – തിരുവാങ്കുളം വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല. |
| (ബി) | മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് ഈ സർക്കാർ വന്ന ശേഷം ഫണ്ട് അനുവദിച്ചു നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിറവം മണ്ഡലത്തിൽ ഹിൽപാലസ് മ്യൂസിയത്തിലെ വിവിധ പദ്ധതികൾക്കായി ആകെ 2,25,11,461/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ പുരാവസ്തു വകുപ്പ് നിർവഹിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | തൃപ്പൂണിത്തുറ ഹിൽപാലസിന്റെ നവീകരണത്തിനായി ഈ സർക്കാർ വന്നശേഷം എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിറവം മണ്ഡലത്തിൽ ഹിൽപാലസ് മ്യൂസിയത്തിലെ വിവിധ പദ്ധതികൾക്കായി ആകെ 2,25,11,461/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ പുരാവസ്തു വകുപ്പ് നിർവഹിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക |
|---|---|
| ഹിൽപാലസ് മ്യൂസിയത്തിലെ സംരക്ഷണ പ്രവൃത്തികളും, പത്തുമുറി കെട്ടിടത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികളും (2020-21) | 39,00,000/- |
| ഹിൽപാലസ് മ്യൂസിയത്തിൽ പുതിയ മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അറ്റകുറ്റ പ്രവൃത്തികൾ (2020-21) | 10,64,000/- |
| ഹിൽപാലസ് മ്യൂസിയത്തിലെ വിളമ്പു പുരയുടെയും ചെറിയ ഊട്ടുപുരയുടേയും അനുബന്ധ കെട്ടിടങ്ങളുടെയും സംരക്ഷണ പ്രവർത്തികൾ (2019-20) | 65,00,000/- |
| ഹിൽപാലസ് മ്യൂസിയത്തിലെ ഇൻഫർമേഷൻ സെന്ററിന്റെയും കുളിപ്പുരയുടെയും പരീക്ഷിത്ത് തമ്പുരാന്റെ ശവകുടീരത്തിന്റെയും സമഗ്ര സംരക്ഷണ പ്രവൃത്തികൾ (2021-22) | 19,99,200/- |
| ഹിൽപാലസ് മ്യൂസിയം വളപ്പിലെ ശിലാശിൽപ ഗ്യാലറിയുടെ അനുബന്ധ കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികളും പരിസര വികസന പ്രവൃത്തികളും (2021-22) | 18,21,948/- |
| ഹിൽപാലസ് മ്യൂസിയത്തിലെ പുത്തൻമാളികയുടെ പെയിന്റിംഗും, പടിഞ്ഞാറേ മുഖത്തുള്ള പാതകളുടെയും വശങ്ങളുടെയും അലങ്കാര ഘടകങ്ങളുടെയും സംരക്ഷണ പ്രവൃത്തികളും (2021-22) | 34,08,959/- |
| ഹിൽപാലസ് മ്യൂസിയത്തിലെ നടപ്പുര മാളികയിടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ (2022-23) | 18,48,000/- |
| ഹിൽപാലസ് മ്യൂസിയം കോമ്പൗണ്ടിലെ ജുറാസിക് ഫൈബർ ശില്പം നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായുള്ള പ്രവൃത്തികൾ (2022-23) | 17,70,000/- |